# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3123 — 22.06.2012-ലെ മറുപടിക്ക്

## സ്വകാര്യട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.സാജുപോൾ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കാൻ സർക്കാർ അനുമതി നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധമായ നിയമവ്യവസ്ഥ കൾ വിശദമാക്കാമോ ; | എ) സ്വകാര്യ ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് അനുവദിക്കാൻ സർക്കാർ അനുമതി ഉത്തരവ് നൽകി വരുന്നുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 189 (1) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തുകളിലെ ധനകാര്യം, ക്ഷേമപരിപാടികൾ എന്നീ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി പഞ്ചായത്തുകൾക്ക് പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ നൽകാവുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| ബി) | ഇപ്രകാരം സർക്കാർ നൽകുന്ന അനുമതികൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ബി) | ഇല്ല. |
| സി) | സർക്കാർ അനുമതിയോടു കൂടി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കപ്പെടുന്ന ഫണ്ടുക ളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പരിശോധിക്കാറുണ്ടോ ; | സി) | ഫണ്ട് ലഭ്യമാകുന്ന സ്ഥാപനങ്ങ ളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുന്നത് ബന്ധപ്പെട്ട സംവിധാനങ്ങളാണ്. |
| ഡി) | സ്വന്തം പിതാവിന്റെ പേരിൽ സ്വകാര്യ വ്യക്തികൾ ഉണ്ടാക്കിയ ട്രസ്റ്റിന് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഫണ്ട് പിരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | ഡി) | ചോദ്യം വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ